©
കേരള സർക്കാർ
Government of Kerala
2021

Regn. No. KERBIL/2012/45073
dated 5-9-2012 with RNI

Reg. No. KL/TV(N)/634/2021-2023

# കേരള ഗസറ്റ്

# KERALA GAZETTE

## ആധികാരികമായി പ്രസിദ്ധപ്പെടുത്തുന്നത്

## PUBLISHED BY AUTHORITY

| | | | | |
|---|---|---|---|---|
| വാല്യം 10<br>Vol. X | തിരുവനന്തപുരം,<br>ചൊവ്വ<br>Thiruvananthapuram,<br>Tuesday | 2021 മാർച്ച് 16<br>16th March 2021<br>1196 മീനം 2<br>2nd Meenam 1196<br>1942 ഫാൽഗുനം 25<br>25th Phalguna 1942 | നമ്പർ<br>No. | 11 |

## PART III

# Commissionerate of Land Revenue

## KOLLAM DISTRICT

വിജ്ഞാപനം

**2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡ പ്രകാരം കൊല്ലം ജില്ലാ മജിസ്ട്രേറ്റ് പുറപ്പെടുവിക്കുന്ന ഉത്തരവ്**

No. DCKLM/11155/2020-M16. 2021 ജനുവരി 30.

കൊല്ലം ജില്ലയിൽ കൊല്ലം താലൂക്കിൽ കന്നിമേൽ ചേരിയിൽ വട്ടക്കായലിന് സമീപം വേളൂർ വടക്കതിൽ @ വേനൂർ വടക്കതിൽ വീട്ടിൽ ശിവദാസൻ മകൻ 28 വയസുള്ള ഉണ്ണിക്കുട്ടൻ എന്ന് വിളിക്കുന്ന നിഥിൻദാസ് എന്ന നിങ്ങൾ നിരന്തരമായി സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങളിൽ ഏർപ്പെട്ടുവരുന്നതായും നിങ്ങളുടെ ഈ പ്രവൃത്തികൾ കൊല്ലം എക്സൈസ് എൻഫോഴ്സ്മെന്റ് ആന്റ് ആന്റി നർക്കോട്ടിക് സ്പെഷ്യൽ സ്കോഡ്, ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ എന്നിവയുടെ പരിധിയിൽ താമസിക്കുന്ന സമാധാന കാംക്ഷികളായ ജനങ്ങളുടെ ജീവനും സ്വത്തിനും ഭീഷണി സൃഷ്ടിക്കുന്നതായും നിങ്ങളുടെ സാന്നിധ്യം ജനങ്ങളിൽ അരക്ഷിതാവസ്ഥയും ഭീതിയും ജനിപ്പിക്കുന്നതായും ജില്ലാ പോലീസ് മേധാവി (കൊല്ലം സിറ്റി) ടിയാന്റെ 30-10-2020-ലെ 19/ജിഎൽ/കാപ്പ/2020-ക്യൂ.സി. നമ്പർ റിപ്പോർട്ട് പ്രകാരം ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ നിങ്ങളെ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ വകുപ്പ് 3(1) പ്രകാരം തിരുവനന്തപുരം സെൻട്രൽ ജയിലിൽ കരുതൽ തടങ്കലിൽ പാർപ്പിക്കുന്നതിന് ഈ കാര്യാലയത്തിലെ 4-1-2021-ലെ DCKLM/11155/2020-M16 നമ്പർ ഉത്തരവ് പ്രകാരം നിർദ്ദേശം നൽകിയിരുന്നു. എന്നാൽ അന്നേ ദിവസം മുതൽ നിങ്ങൾ ഒളിവിൽ പോയിരിക്കുന്നതിനാൽ നിങ്ങളെ അറസ്റ്റ് ചെയ്യുന്നതിനും മേൽപറഞ്ഞ ഉത്തരവ് നടപ്പിലാക്കുന്നതിനും സാധിച്ചിട്ടില്ലായെന്നും ആയതിനാൽ നിങ്ങൾക്കെതിരെ പ്രസ്തുത നിയമത്തിലെ 6-ാം വകുപ്പ് പ്രകാരമുള്ള നടപടികൾ സ്വീകരിക്കണമെന്നും കൊല്ലം ജില്ലാ പോലീസ് മേധാവി (സിറ്റി) ആവശ്യപ്പെട്ടിട്ടുണ്ട്.

മേൽ വിവരിച്ച സാഹചര്യത്തിൽ 2007-ലെ കേരള സാമൂഹ്യ വിരുദ്ധ പ്രവർത്തനങ്ങൾ (തടയൽ) നിയമത്തിലെ 6-ാം വകുപ്പ് (1)-ാം ഉപവകുപ്പ് (ബി) ഖണ്ഡ പ്രകാരം എന്നിൽ നിക്ഷിപ്തമായ അധികാരം ഉപയോഗിച്ച് ഈ ഗസറ്റ് വിജ്ഞാപനം പ്രസിദ്ധീകരിക്കുന്ന തീയതി മുതൽ 7 ദിവസത്തിനകം നിങ്ങൾ ശക്തികുളങ്ങര പോലീസ് സ്റ്റേഷൻ ഹൗസ് ഓഫീസ് മുമ്പാകെ ഹാജരാകണമെന്ന് ഇതിനാൽ ഉത്തരവാകുന്നു. ഈ ഉത്തരവ് പാലിക്കുന്നതിൽ വീഴ്ചവരുത്തുന്നപക്ഷം നിങ്ങളെ രണ്ട് വർഷക്കാലം തടവിനോ അല്ലെങ്കിൽ പിഴയ്ക്കോ അല്ലെങ്കിൽ രണ്ടിനും കൂടിയോ ശിക്ഷിക്കപ്പെടാവുന്നതാണെന്നും മേൽ വകുപ്പിലെ (എ) ഖണ്ഡ പ്രകാരമുള്ള നടപടികൾക്ക് നിങ്ങൾ വിധേയനാകുന്നതാണെന്നും ഇതിനാൽ അറിയിക്കുന്നു.

കളക്ടറേറ്റ്, (ഒപ്പ്)
കൊല്ലം. ജില്ലാ കളക്ടർ & ജില്ലാ മജിസ്ട്രേറ്റ്.

## Kollam Taluk

പരസ്യം

(1)

നമ്പർ ബി2-904/2021. 2021 ജനുവരി 23.

കൊല്ലം താലൂക്കിൽ ചിറക്കര വില്ലേജിൽ ചിറക്കര, പോളച്ചിറ, കുഴുപ്പിൽ ചരുവിള വീട്ടിൽ ലക്ഷ്മിക്കുട്ടി, പി. w/o ചെല്ലപ്പൻ ചെട്ടിയാർ 23-5-2020-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് പരേതയുടെ മകൻ ടി വീട്ടിൽ സുബ്രഹ്മണ്യൻ ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ ചിറക്കര, പൂതക്കുളം, പരവൂർ വില്ലേജാഫീസർമാർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.

| ക്രമ നമ്പർ | പേര് | പരേതയുമായുള്ള ബന്ധം | വയസ് |
|---|---|---|---|
| 1 | വിജയമ്മ | മകൾ | 55 |
| 2 | രാജമണി | ,, | 52 |
| 3 | രാജു | മകൻ | 49 |
| 4 | സുബ്രഹ്മണ്യൻ | ,, | 47 |
| 5 | സരസ്വതി | മകൾ | 43 |
| 6 | ഗോപാലകൃഷ്ണൻ | മകൻ | 40 |
| 7 | മിനിമോൾ | മകൾ | 37 |
| 8 | അഭിഷേക് സുരേഷ് | പരേതയായ മകളുടെ മകൻ (മൈനർ) | 14 |
| 9 | ദേവാമൃതം | ,, മകൾ (,,) | 4 |

(പരേതയുടെ ഭർത്താവ്, ഒരു മകൾ എന്നിവർ ജീവിച്ചിരിപ്പില്ല.)

മേൽക്കാണിച്ച മൈനർ മക്കൾ പിതാവിന്റെ സംരക്ഷണയിൽ കഴിഞ്ഞു വരുന്നതും മൈനറുകൾക്കു വേണ്ടി അപേക്ഷകൻ സംരക്ഷകൻ എന്ന നിലയിൽ മൊഴി ഹാജരാക്കിയിരുന്നതിനാലും പരേതയുടെ അവകാശികൾ മേൽക്കാണിച്ചവരാണെന്ന് കാണിച്ച് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകുന്നതിൽ ആർക്കെങ്കിലും ആക്ഷേപമുള്ളപക്ഷം ഈ പരസ്യം ഗസറ്റിൽ പ്രസിദ്ധപ്പെടുത്തി കൃത്യം 30 ദിവസത്തിനുള്ളിൽ ഈ ആഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്. കാലാവധിക്കു ശേഷമോ തപാലിലോ ഹാജരാക്കുന്ന ആക്ഷേപങ്ങൾ പരിഗണനാർഹമല്ലാത്തതാണ്.

(2)

നമ്പർ ബി2-911/2021. 2021 ജനുവരി 23.

കൊല്ലം താലൂക്കിൽ ഇരവിപുരം വില്ലേജിൽ വാളത്തുംഗൽ പി. ഒ., മില്ലേനിയം നഗർ 1, ഒട്ടത്തിൽ പടിഞ്ഞാറ്റതിൽ സുനിത, എസ്. w/o അയാഷ് 2-9-2020-ൽ മരണപ്പെട്ടുപോയതായും വിവിധ ആവശ്യങ്ങൾക്ക് ഹാജരാക്കുന്നതിന് ഒരു അവകാശ സർട്ടിഫിക്കറ്റ് നൽകണമെന്ന് കാണിച്ച് പരേതയുടെ ഭർത്താവ് ടി വീട്ടിൽ അയാഷ് ബോധിപ്പിച്ചുവന്ന അപേക്ഷയിൻമേൽ ഇരവിപുരം വില്ലേജാഫീസർ മുഖാന്തിരം അവകാശ വിചാരണ നടത്തിയതിൽ താഴെ പറയുന്നവർ അനന്തരാവകാശികളാണെന്ന് അറിയുന്നു.